## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 124 — 09.03.2015-ൽ മറുപടിക്ക്

### ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. വി. ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദേശ മൂലധന പങ്കാളിത്തമുള്ള സംയുക്ത സംരംഭകർക്ക് മത്സ്യബന്ധനത്തിന് അനുമതി നല്കാൻ കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഇന്ത്യൻ EEZ-ൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനായി കേന്ദ്ര സർക്കാർ 2014-ൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ 22 നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>1. ഇന്ത്യൻ EEZ-ൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള Animal husbandry, Dairing and Fisheries വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി പത്രം (LOP) ആവശ്യമാണ്. സമുദ്ര വിഭവങ്ങളുടെ potentiality പുനരുജ്ജീവിപ്പിക്കുന്നതിനായി Long line tuna fishing, Purse Seining tuna fishing, Mid-water pelagic trawler തുടങ്ങിയ മത്സ്യബന്ധന രീതികൾക്ക് അനുമതി നല്കിയിട്ടുണ്ട്.<br>2. ഇന്ത്യൻ EEZ-ൽ പ്രവർത്തിക്കുന്ന ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കേന്ദ്ര സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വേണം പ്രവർത്തിക്കേണ്ടത്.<br>3. സർക്കാരിന്റെ അനുമതി കൂടാതെ രേഖാമൂലമുള്ള സമ്മത പത്രം (LOP) കൈമാറ്റാൻ പാടുള്ളതല്ല.<br>മാർഗ്ഗരേഖയുടെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | റിപ്പോർട്ടിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | കേന്ദ്രസർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ